**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 728** **28-06-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ അനധികൃത നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ അനധികൃത നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വായ്പാതട്ടിപ്പ് നടന്ന കണ്ടല സഹകരണ ബാങ്കിൽ അനുമതി ഇല്ലാതെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിരവധി പേരെ നിയമിക്കുകയും അവർക്ക് അനർഹമായ ശമ്പള നിരക്കും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും നൽകുകയും ഉണ്ടായോ; എങ്കിൽ പ്രസ്തുത ആയത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | തസ്തിക അംഗീകാരം വാങ്ങാതെ 6 പാർട്ട് ടൈം സ്വീപ്പർമാർ നിലവിൽ കണ്ടല സർവ്വീസ് സഹകരണ ബാങ്കിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. ഇവർക്ക് ക്രമപ്രകാരമല്ലാതെ ശമ്പള സ്കെയിൽ, ഗ്രേഡ് ആനുകൂല്യം, മറ്റ് അലവൻസുകൾ എന്നിവ നൽകിയിട്ടുള്ളതായി സഹകരണ നിയമം വകുപ്പ് 65 അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പരിശോധിച്ച് സംഘത്തിനോട് വിശദീകരണം തേടുകയും, സംഘം സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ല എന്ന് ബോധ്യപ്പെട്ട് സംഘത്തിനെതിരായി സഹകരണ നിയമം വകുപ്പ് 32 (1) (എ) (സി) പ്രകാരം തുടർ നടപടി സ്വീകരിക്കാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ നേരിട്ട് 28/06/2022 തീയതി തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുമ്പാകെ ഹാജരായി ബോധിപ്പിക്കണമെന്ന് കാട്ടി നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത ജീവനക്കാർക്ക് ഗ്രേഡും ശമ്പള പരിഷ്കരണവും അനുവദിക്കുന്നതിന് മുൻപ് വകുപ്പിന്റെ അംഗീകാരം തേടിയിട്ടുണ്ടോ; കളക്ഷൻ ഏജന്റ് തസ്തികയ്ക്ക് അംഗീകാരം വാങ്ങാതെ നിരവധി പേരെ ഏജന്റുമാരായി നിയമിച്ചു എന്ന കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | പാർട്ട്ടൈം സ്വീപ്പർമാർക്ക് ഗ്രേഡും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് വകുപ്പുതല അനുമതി നൽകിയിട്ടില്ല. കളക്ഷൻ ഏജന്റ് തസ്തികയിൽ അംഗീകാരം വാങ്ങാതെയാണ് നിയമനം നൽകിയത് എന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | കളക്ഷൻ ഏജന്റുമാർക്ക് അനധികൃത ഉദ്യോഗക്കയറ്റം നൽകിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; | (ഡി) | സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള എല്ലാ വിഷയങ്ങളും വളരെ |

| | | | |
|---|---|---|---|
| | | | ഗൗരവത്തോടുകൂടി കണ്ടുകൊണ്ട് തന്നെ നിയമാനുസൃതം തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | സഹകരണ ചട്ടം 65 പ്രകാരം കണ്ടല ബാങ്കിനെതിരെ തുടർനടപടികൾ സ്വീകരിച്ച് കുറ്റക്കാരെ നിയമത്തിനു മുന്നിൽ കൊണ്ടു വരാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഇ) | സഹകരണ നിയമം വകുപ്പ് 65 അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് സംഘത്തിനോട് വിശദീകരണം തേടുകയും, സംഘം സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ല എന്ന് ബോധ്യപ്പെട്ട് സംഘത്തിനെതിരായി സഹകരണ നിയമം വകുപ്പ് 32 (1) (എ) (സി) പ്രകാരം തുടർ നടപടി സ്വീകരിക്കാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ നേരിട്ട് 28/06/2022 തീയതി തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുൻപാകെ ഹാജരായി ബോധിപ്പിക്കണമെന്ന് കാട്ടി നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി അന്വേഷണ റിപ്പോർട്ടിലെ എല്ലാ കണ്ടെത്തലുകളിന്മേലും സഹകരണ നിയമാനുസൃതം സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ